''യാത്ര ഉന്മാദമാണ്, യാന്ത്രികജീവിതത്തില് നിന്നും മനുഷ്യത്വത്തിലേക്കുള്ള പ്രയാണമാണ്. നാട്ടില് നിന്നും കാട്ടിലേക്കുള്ള തിരിച്ചു പോക്കാണ്''- അയാള് ഒരു പോസ്റ്റില് കുറിച്ചിട്ടു.

ആ പോസ്റ്റിനെ പിന്തുടര്ന്ന് കണ്ടെത്തിയ, കേട്ടറിഞ്ഞ വിശേഷങ്ങളുടെ മേളമാണിന്നിന്റെ ദളം. നമ്മുടെ കൂട്ടായ്മ അഞ്ചു വര്ഷം പിന്നിട്ട വിഷുവേളയില് അതിന്റെ പ്രയാണത്തിലെ ഓരോ ചുവടിലും ഹൃദയതാളം ചൊരിയുന്ന,
നിശ്ചയദാര്ഢ്യവും സഹനശേഷിയും തളരാത്ത മനസ്സുമായി സൈക്ലിംഗില് പുതുമാനങ്ങള് ചവിട്ടിക്കയറുന്ന പ്രതിഭ.

സാഭിമാനം അവതരിപ്പിക്കുന്നു-

ദളം- 174

ഗണേഷ് കെ.എസ്,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എസ്.എം.ഇ സെന്ററ്,
കോട്ടയം.

കൊല്ലം ജില്ലയിലെ കുഴിമതിക്കാട് ഗ്രാമത്തില് കെ.ജി.സുകുമാരപിള്ള - എസ്.ചന്ദ്രിക ദമ്പതികളുടെ മൂന്ന് ആണ്മക്കളില് ഏറ്റവും ഇളയവനായി ജനനം. കൊല്ലം ജില്ലാ ട്രെഷറി ഓഫീസറായിരുന്നു, പിതാവ്.അദ്ദേഹം 2016 ല് ദിവംഗതനായി. അമ്മ ഹൈസ്ക്കൂള് മാത് സ് അദ്ധ്യാപികയായി വിരമിച്ചു. ജ്യേഷ്ഠന്മാര് കെ. എസ്.വിഷ്ണു (ആയുര്വേദ ഡോക്ടര്) കെ.എസ്.ഹരി (ബിസിനസ്സ്).
നീണ്ടകാലത്തെ പ്രണയം സമ്മാനിച്ച സൗമ്യയും ദാമ്പത്യവല്ലരിയില് വിടര്ന്ന അഞ്ചു വയസ്സുകാരന് ഗൗതമും മൂന്നു വയസ്സുകാരി ഋതുവും ചേര്ന്ന കുടുംബം കൊല്ലത്തു താമസിക്കുന്നു. കൊല്ലത്ത് പോസ്റ്റല് അസിസ്റ്റന്റാണ് സൗമ്യ.

കുഴിമതിക്കാട് ഹൈസ്ക്കൂളില് പത്താം ക്ലാസ് വരെയുള്ള പഠനം, തുടര്ന്ന് ടി.കെ. എം എച്ച്.എസ്സ്. എസ്സില് പ്ലസ് ടൂവിനു ശേഷം പെരുമണ് എഞ്ചിനീയറിംഗ് കോളേജില് നിന്ന്
ഇലക്ട്രിക്കല് എഞ്ചിനീയറിംഗില് ബിരുദവും നേടി.
2011 ല് കനറാബാങ്കില് ക്ലറിക്കല് കേഡറില് മഞ്ചേരിയില് ജോയിന് ചെയ്ത ഉടന് തന്നെ എസ്.ബീ.ടി യില് നിയമനം ലഭിച്ചതു സ്വീകരിച്ചു.
ആദ്യ ബ്രാഞ്ച് പുന്നല, തുടര്ന്ന് പൂയപ്പള്ളി ബ്രാഞ്ചില്.അവിടെ നിന്ന് ഓഫീസര് കേഡറിലേക്ക് പ്രൊമോഷന് ലഭിച്ചു
കൊടുങ്ങല്ലൂര് ബ്രാഞ്ചിലെത്തിച്ചേര്ന്നു.
പിന്നീട് പാലക്കാട് പറളി ബ്രാഞ്ചില്. ഇപ്പോള് എസ്.ബി.ഐ കോട്ടയം എസ്.എം.ഇ സെന്ററില് ഡെപ്യൂട്ടി മാനേജരായി പ്രവര്ത്തിക്കുന്നു.

സ്കൂള് ക്ലാസ്സുകള് മുതല് സംഘാടനങ്ങളിലെ മികവും
അര്പ്പണമനോഭാവവും ദൃശ്യമാണ്.
തബല വാദനത്തില് ശാസ്ത്രീയ പഠനം നേടി സബ് ജില്ല/ ജില്ലാതല
യുവജനോത്സവത്തിലെ വിജയിയുമായി.

എഞ്ചിനീയറിംഗ് പഠന കാലത്ത് കോളേജ് യൂണിയന് ആര്ട്സ് ക്ലബ്,
സ്പോര്ട്സ് ക്ലബ് എന്നിവയുടെ സെക്രട്ടറിയായും നാടകാഭിനേതാവും
ഫുട്ബോള് കളിക്കാരനുമായി ശോഭിച്ചു.

യാത്രകളാണ് ഒരു ഹോബി. കാടിനേയും ജീവജാലങ്ങളേയും തേടിയുള്ള
യാത്രകളില് സഹജീവനത്തിന്റെ മാറ്ററിയുന്നു. കാടിലെ ജീവനുകളും
അതിജീവനത്തിനായി പൊരുതുന്ന പാഠങ്ങള് നല്കുന്നു.

ഓട്ടത്തില് താത്പര്യം തുടങ്ങുന്നത് 2014 മുതലാണ്. നാട്ടിലെ
സുഹൃത്തുക്കളോടൊത്ത് അഞ്ച് കിലോമീറ്ററില് തുടങ്ങിയ ഓട്ടം +
നടത്തം ക്രമേണ വര്ദ്ധിപ്പിച്ച് പത്തു കിലോമീറ്റര്, മിനി മാരത്തോണ് എന്ന
നിലയിലെത്തി.

2015 ല് നേരിട്ട ഒരു വലിയ അപകടത്തില് പറ്റിയ മുറിവു കാരണം shoe
ഉപയോഗിക്കാന് കഴിയാതെ വന്നു. നിരാശനാകാതെ പാലക്കാട് half
marathon ല് bare foot റണ്ണറായി ഫിനിഷ് ചെയ്തു. ഇതു വരെ ഇരുപത്തിയഞ്ച്
ഹാഫ് മാരത്തോണുകളില് വിജയകരമായി പങ്കെടുത്തു. വര്ഷം തോറും
കൂര്ഗില് നടക്കുന്ന barefoot മാരത്തോണില് പങ്കെടുത്തു വരുന്നു. കഴിഞ്ഞ
മാരത്തോണില് ഇന്ത്യയുടെ നമ്പര് ഒണ് സൂപ്പര് മോഡലും ബോളിവുഡ്
താരവുമായ മിലിന്ദ് സോമന്റെ സാന്നിദ്ധ്യമുണ്ടായത് അഭിമാന
മുഹൂര്ത്തമായിരുന്നു. Half barefoot മാരത്തോണില് 21.1
കിലോമീറ്റര് ദൂരമാണ് കവര് ചെയ്യേണ്ടത്. ഗണേഷ് ഇതുവരെ
ഓടിയതില് ഏറ്റവും ദൂരം കൂടിയ ഓട്ടം 26 കിലോമീറ്ററാണ്.
കൊറോണ മൂലം 43 കിലോമീറ്റര് bare foot full marathon നടന്നില്ല. Full marathon
ന് സജ്ജനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് , ഗണേഷ്.

അഞ്ചു വര്ഷമായി സൈക്ലിംഗില് ആകൃഷ്ടനായിട്ട്. കൊല്ലം
നഗരത്തിലെ സൗഹൃദങ്ങള് നല്കിയ മഹത്തായ സ്നേഹമാണ്
കായിലോണ് എന്ഡ്യൂറന്സ് ക്ലബ്ബിലേക്ക് അടുപ്പിച്ചത്.
ശ്രീ സുജിത്, ശ്രീ അജീഷ് എന്നീ സൈക്ലിംഗ് പ്രതിഭകളുടെ
റോള് മോഡല് പ്രേരണയില് 2016 ല് ആദ്യമായി ഒരു ഹീറോ
അര്ബന് ട്രയല് ഹൈബ്രിഡ് സൈക്കിള് സ്വന്തമാക്കി, സവാരി തുടങ്ങി
എങ്കിലും ഗൗരവമായ റൈഡിംഗിലേക്ക് കുതിച്ചുയരുന്നത് 2020 ലാണ്.
ലോകത്തിലെയും രാജ്യത്തേയും പ്രധാന നഗരങ്ങളെ കേന്ദ്രീകരിച്ച്
ആഡക്സ് പാരിസണ് എന്ന ലോകപ്രസിദ്ധ ഫ്രെഞ്ച് സൈക്ലിംഗ് ക്ലബ്
സംഘടിപ്പിക്കുന്ന ബി.ആര്. എം ഇവന്റ് (Brevets de Randanneurs Mondiax) എന്ന

ബ്രഹത്തായ സൈക്ലിംഗ് ഗെയിമില് ഭാഗഭാക്കാനും അതിലെ നിർണ്ണായകമായ ഒരു ഘട്ടമായ 600 കിലോമീറ്റർ ഫിനിഷ് ചെയ്യുവാനും ഈ ലോക് ഡൗണ് കാലത്തു കഴിഞ്ഞു. BRM ഗെയിമിന്റെ വിവിധ ഘട്ടങ്ങള് - 50, 100, 200, 300, 400, 600, 1000 കി മീറ്റർ ഇങ്ങിനെ പോകുന്നു ലക്ഷ്യങ്ങള്. ഒരു സീസണില് 200, 300, 400, 600 കിലോമീറ്റർ ദൗത്യങ്ങളില് പങ്കെടുത്ത് എല്ലാ ലക്ഷ്യവും പൂർത്തിയാക്കുന്ന സൈക്ലിസ്റ്റിന് Super Randonneur (S.R) എന്ന പദവി ലഭിക്കുന്നു. നിശ്ചിത സമയത്തിനുള്ളില്, നിശ്ചിത ചെക്ക് പോയിന്റുകള്, അണ്മാന്ഡ് ചെക്ക് പോയിന്റുകള്, സർപ്രൈസ് ചെക്ക് പോയിന്റുകള് എന്നിവ കടന്നു വേണം ഫിനിഷിംഗ് പോയിന്റിലെത്തേണ്ടത്.
Unmanned point കളില് അവിടെയുള്ള ATM ന്റെ മുന്നിലെ സെല്ഫിയാണ് അടയാളമായി എടുക്കുക. BRM ഇവന്റിന് നിർദിഷ്ടസമയത്തിനുള്ളില് രജിസ്റ്റർ ചെയ്തിരിക്കണം. തിളക്കുന്ന സൂര്യനെ സാക്ഷി നിറുത്തി ചവിട്ടിനീക്കുന്ന ദൂരത്തില് ജലാംശം നിലനിറുത്തുക, വീലുകള്, ട്യൂബുകള് എന്നിവയുടെ ക്ഷമത നില നിറുത്തുക എന്നിവയാണ് കടുത്ത വെല്ലുവിളികള്. ഓരോ ഇവന്റും വിജയകരമായി കടന്നു പോകുമ്പോള് ഉത്സാഹം ഇരട്ടിക്കുന്നു.

എന്നാലും, മുന്നൂറു കിലോമീറ്റർ ബി ആർ എം ഇവന്റില് കായംകുളത്തു നിന്ന് കല്ലമ്പലത്തെത്തിയപ്പോള് അപ്രതീക്ഷിതമായത് സംഭവിച്ചു. സ്പെയർ ട്യൂബുകള് രണ്ടെണ്ണം ഉപയോഗിച്ചു എങ്കിലും ടയറിലെ ബർസ്റ്റ് ആണ് വില്ലനെന്ന കാര്യം പിന്നീടാണ് ശ്രദ്ധയില് പെട്ടത്. അങ്ങിനെ ആ BRM ഇവന്റ് ക്വിറ്റ് ചെയ്യേണ്ടി വന്നു.

''പക്ഷെ സൈക്ലിംഗില് അങ്ങിനെ ക്വിറ്റ് ചെയ്യാന് തയ്യാറല്ലായിരുന്നു. ലോകം മുഴുവന് സെർച്ച് ചെയ്ത് പുതിയ ടയർ സംഘടിപ്പിച്ചു. ടയർ കിട്ടിയ അന്നു തന്നെ 600 BRM ന് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരത്തുനിന്നു തുടങ്ങി തൃശൂർ മണ്ണുത്തിയില് ചെക്ക് പോയിന്റായിരുന്നു. ഇവന്റിന് ഒരാഴ്ച മാത്രം ബാക്കിയുള്ളപ്പോഴാണ് രജിസ്റ്റർ ചെയ്യാനായത്. പറ്റുന്ന പോലെ ഒക്കെ പ്രാക്ടീസ് ചെയ്തു. മനഃസാന്നിദ്ധ്യം ഒന്നു കൊണ്ടുമാത്രം ഫിനിഷ് ചെയ്തു''- ഗണേഷ് അഭിമാന നിമിഷങ്ങള് പങ്കു വെച്ചു. സൗമ്യയും കുഞ്ഞുങ്ങളും നല്കുന്ന സ്നേഹപ്രവാഹവും ഒന്നിക്കുമ്പോഴാണ് മനഃശക്തിയുടെ ഗ്രാഫുയരുന്നത്.

300, 400 എന്നീ ഇവന്റുകള് ബാക്കി ഇനിയും നില്ക്കുന്നു. 200 കി.മീറ്റർ ഈവന്റ് രണ്ടു പ്രാവശ്യം പൂർത്തിയാക്കുകയും ചെയ്തു. ആദ്യമായി 50 കി.മീറ്റർ ദൗത്യം പൂർത്തീകരിച്ചത് കൊല്ലത്തുവച്ചായിരുന്നു. വളരെ ആയാസപ്പെട്ടു. അതില് നിന്ന് പാഠമേറെയുള്ക്കൊണ്ടു. 100.കി.മീ കൊല്ലം- ഹരിപ്പാട് ആയിരുന്നു (ഒറ്റക്ക്) 200 കി മീ കൊല്ലം- ആലപ്പുഴ- തലവൂർ- കൊല്ലം റൂട്ടില്.

നിരന്തര പ്രാക്ടീസിംഗ് സാദ്ധ്യമാക്കുന്നതിന് നൂതനവും വേറിട്ടതുമായ ഒരു

മാര്ഗ്ഗം കണ്ടെത്തിയിരിക്കുകയാണ്, ഗണേഷ് കോട്ടയത്തെ ഓഫീസില് നിന്ന് കൊല്ലത്തെ വീടുവരെയുള്ള വാരാന്ത യാത്ര നൂറു കിലോമീറ്റര് അങ്ങോട്ടുമിങ്ങോട്ടും സൈക്കിളിലാക്കി. കാറില് രണ്ടു മൂന്നു മണിക്കൂര് കൊണ്ടുള്ള യാത്ര സൈക്കിളിലാകുമ്പോള് നാലു മണിക്കൂര് എടുക്കുമെങ്കിലും അവധി ദിവസത്തില് പ്രാക്ടീസിംഗ് ഒഴിവാക്കി കുഞ്ഞുങ്ങളോടും സൗമ്യയോടുമൊപ്പം കൂടുതല് സമയം പങ്കിടുവാന് കഴിയുന്നു എന്ന സൗകര്യവുമുണ്ട്. വാരാന്ത സൈക്കിള് സവാരിയുടെ കഥ ആവേശമുണര്ത്തുന്നു, ഏവരിലും.

''ഈ സീസണില് തന്നെ എസ്സ്.ആര് (Super Randanneur) ആവണം. ഇവന്റ്സ് ഓപ്പണ് ആയാല് സാധിക്കും. Iron Man ആകണം എന്നതാണ് അടുത്ത,വലിയ ലക്ഷ്യം. 180 കി.മീറ്റര് സൈക്ലിംഗ്, 43 കി.മീ റണ്ണിംഗ്, 3.9 കി.മീറ്റര് നീന്തലുമടങ്ങുന്ന ഇവന്റ് പതിനേഴ് മണിക്കൂറില് പൂര്ത്തിയാക്കിയാല് Iron Man ആകും''- ഗണേഷ് , തന്റെ ആഗ്രഹങ്ങള് പങ്കുവച്ചു.
'' Iron man ആകണമെങ്കില് വിദഗ്ദ്ധ പരിശീലനം അവശ്യമുണ്ട്. അതു സാധിക്കുക തന്നെ ചെയ്യും.''- ഗണേഷിന്റെ ആത്മവിശ്വാസം സ്ഫുരിക്കുന്ന വാക്കുകള്.

കഴിഞ്ഞ നവംബറില് രണ്ടര കിലോമീറ്ററോളം എലിവേഷന് ഗെയിനുള്ള ഒരു ഹില് സ്റ്റേഷന് റൈഡിംഗും സാദ്ധ്യമായി. ''സൈക്ലിംഗ്, ഓട്ടം, നടത്തം, നീന്തല് എന്നിവ ശീലമാക്കുക; മയക്ക് മരുന്നുകളെ അകറ്റി ആരോഗ്യ സംരക്ഷണത്തിന് മാതൃകയാവുക. ആരോഗ്യപരിപാലനത്തിനും അന്തരീക്ഷ നൈര്മ്മല്യത്തിനും ചെലവുകുറഞ്ഞ ഗതാഗതമാര്ഗ്ഗമായ സൈക്ലിംഗ് ശീലമാക്കുക'' എന്നീ ആശയങ്ങള് പ്രചരിപ്പിക്കുന്ന ക്ലബ്ബിലോണ് എന്ഡ്യുറന്സ് ക്ലബ്ബിന്റെ നിര്വാഹക സമിതിയിലും ഗണേഷ് അംഗമാണ്.

ടാലന്റഡ് ബാങ്കേഴ്സിന്റെ തൃശൂരിലും ആലുവയിലും നടന്ന രണ്ട് ഓഫ് ലൈന് മീറ്റിംഗുകളുടേയും കോ- ഓര്ഡിനേഷന് മെമ്പറായി നിസ്തുല സേവനം കാഴ്ച വച്ചു. ഇപ്പോള് ടി.ബീ ഗവേണിംഗ് ബോഡി, ബാങ്ക് ട്രോള്സ് അഡ്മിന് പാനല് എന്നിവയില് അംഗമായും പ്രവര്ത്തിക്കുന്നു.

AIBOC യുടെ കോട്ടയം ജില്ലാ സെക്രട്ടറി, SBOA കോട്ടയം ജില്ല കലാ-സാംസ്കാരിക വേദിയായ 'സ്റ്റാബോക്' സെക്രട്ടറി എന്നീ നിലകളിലും പ്രവര്ത്തിക്കുന്നു.

പ്രതിസന്ധികളില് തളരാതെ അസാമാന്യ ഊര്ജം പ്രസരിപ്പിച്ച് സഹൃദവേദികളിലെ ഉജ്വല താരമാകുന്ന ഗണേഷിനും കുടുംബത്തിനും ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയുടെ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

----------------------------------------------------------------------------------------------

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

------------------------------------------------------------------------------------------------

"Travel is invigorating.. a journey from the monotonous life to humanness .. from the city to the jungles.. " he posted once. A different kind of talented cyclist who stood with our group with great determination and patience through all these five years of our special journey.

174th Talented Banker-
Ganesh K S
State Bank of India
SME Centre, Kottayam

He was born as the youngest of the three sons of K.G. Sukumara Pillai and S.Chandrika in the Kuzhimathikad village of Kollam district. His father who worked as the Kollam District Treasury Officer, passed away in the year 2016.His mother is a retired high school Mathematics teacher. His brothers are K.S.Vishnu ( doctor in Ayurveda) and K.S.Hari( businessman). Ganesh and Soumya share a long and beautiful love story that is now made all the more exciting by the 5-year-old Goutham and 3-year-old Rithu. Soumya is a postal assistant at Kollam.

He studied in the Kuzhimathikad High School till 10th ,then in TKM HSS till 12th and did his Engineering graduation from Perumon Engineering College.

He became a part of the SBT family right after joining Canara Bank in the clerical cadre in Manjeri in the year 2011. His first branch was Punnala after which he got transferred to Pooyapally branch. From there he hot promoted to officer cadre and joined the Kodungallur branch, after which he was transferred to Palakkad Parali branch and then to SBI Kottayam SME Centre as Deputy Manager.

From his young age, his dedication and organising skills were evident to all. He also won prizes in Tabla at the sub-district and district level school competitions.

He excelled as the College union Arts club and sports club secretary and also as a drama artist and footballer.

Travel is one of his hobbies. He enjoys the bliss of coexistence with the jungle and the jungle-dwellers, learning new lessons of survival.. He developed interest in running in the year 2014. The run he started with his friends for a 5 kms running + walking paved way to 10kms and to mini marathon.

In 2015 he was injured in an accident and couldn't wear shoes but determinedly finished the

Palakkad half-marathon barefoot. He has completed 25 half – marathons till date and is a sure participant in the yearly Coorg barefoot marathon. He sees it as a proud moment when he finished last year's marathon alongside Milind Soman! A half barefoot marathon is for 21.1 kms. The maximum distance he has covered at a stretch till now is 26 kms. A 43 kms barefoot full marathon planned earlier didn't work out due to corona breakout. He us waiting for the same...

He has been passionate about cycling for the last 5 years. He was attracted to the Quilon Endurance club through his friends at Kollam. Inspired by talents like Sri Sujith and Sri Ajeesh, though he bought a Hero urban trail hybrid cycle in 2016, he got into serious riding only in 2020. During the lockdown period, he could participate in the Brevets de Randanneurs Mondiax cycling game across major cities of the world and do the 600km finish. The one who completes each of the 200, 300, 400 and 600 kms segments in a season gets the title Super Randonneur(S.R). Excitement forges one ahead as one wins each event.

In the 300kms BRM event as he reached from Kayamkulam to Kallambalam there was a tyre burst. Thus he had to quit the event.

"But I was not one to quit cycling. I searched all over the world and got new tyres for my cycle and got registered for the 600 kms BRM. With just bare minimum practice, I could finish the distance from Thiruvananthapuram to Thrissur Mannuthi with sheer willpower." Self-pride reflects inhis words..

300 and 400 kms events are yet to be completed. He has done 200 kms event twice already. His first 50 kms event was completed in Kollam; 100 kms event was from Kollam to Haripad(alone) and 200 kms event was in the route Kollam-Alappuzha-Thalavoor-Kollam.

He has now devised a plan for regular practice. He has made his weekly travel home and back by cycle. This way he gets to spend the rest of his weekend with family.

"I should be S.R this season. If the event opens that would be possible. My next target is to be an Iron Man. If we complete the event of 180 kms cycling, 43 kms running and 3.9 kms swimming in 17 hours, you get to become an Iron Man! It needs intense training. It is going to be hard,but definitely possible " quips Ganesh.

Last November he did a hill station ride with around 2.5 kms elevation gain. He is also a member of the Quilon Endurance club that promotes ideas like: "make cycling, running, walking and swimming a habit; lead a healthy lifestyle by saying no to drugs; reduce air pollution and be healthy through cycling.

Ganesh was the coordination member in the Talented bankers meet at Thrissur and Aluva.At present he is the member of the TB governing body and Bank trolls admin panel.

He is also the AIBOC Kottayam district secretary and STABOC (SBOA cultural wing ) Secretary.

A man of strong willpower who doesn't stumble on obstacles, who imparts energy to those

around him.. we congratulate Ganesh and family and wish them all happiness and prosperity in the future.